# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3993 25.06.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

| | ചോദ്യം<br><br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br><br>ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിയ്ക്കുന്ന പദ്ധതിപ്രകാരം എത്ര കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിയ്ക്കുന്ന പദ്ധതി പ്രകാരം 1,23,04,90,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | എത്ര പേർക്കാണ് ഇത്രയും തുക അനുവദിച്ചത് ; | (ബി) | 20727 പേർക്കാണ് തുക അനുവദിച്ചത്. |
| സി) | നിലവിൽ ഒരാൾക്ക് എത്ര രൂപയാണ് ധനസഹായമായി അനുവദിയ്ക്കുന്നത് ; | (സി) | 75,000/- രൂപയാണ് ഒരാൾക്ക് നൽകി വരുന്നത്. |
| ഡി) | ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്കാണ് വിവാഹധന സഹായം നൽകി വരുന്നത്. ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ്, |

| | | | |
|---|---|---|---|
| | | | വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**